F/MIS
for website
(handwritten initials) PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.11.09.2018

## വനരക്തസാക്ഷി സ്തൂപം അനാവരണം ചെയ്തു

വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കിടയിൽ ജീവത്യാഗം ചെയ്ത വനപാലകരുടെ ഓർമ്മയ്ക്കായി വനം ആസ്ഥാനത്ത് നിർമ്മിച്ച രക്തസാക്ഷി സ്തൂപം വനം മന്ത്രി അഡ്വ.കെ. രാജു അനാവരണം ചെയ്തു. ഏത് പ്രതികൂല സാഹചര്യത്തേയും മറികടന്ന് ധീരോദാത്തമായ സേവനം കാഴ്ചവയ്ക്കുന്നതിൽ നമ്മുടെ വനപാലകർ ലോകത്തിനുതന്നെ മാതൃകയാണെന്ന് മന്ത്രി പറഞ്ഞു. 2013 മുതലാണ് രാജ്യം സെപ്റ്റംബർ 11 വനരക്തസാക്ഷി ദിനമായി ആചരിച്ചു തുടങ്ങിയത്. വനംകൊള്ളക്കാർ, വന്യജീവികൾ എന്നിവയുടെ ആക്രമണങ്ങളിലും മറ്റ് അപകടങ്ങളിലുംപ്പെട്ട് ജീവൻ വെടിഞ്ഞ വനപാലകരേയും അവരുടെ കുടുംബത്തേയും ഓർക്കേണ്ടത് നമ്മുടെ കടമയാണ്. അവരെക്കുറിച്ചുള്ള ഓർമ്മകൾക്ക് ആവേശം പകരാൻ വനം ആസ്ഥാനത്തെ വനരക്തസാക്ഷിസ്തൂപത്തിന് കഴിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വനം ആസ്ഥാനത്തെ മുഖ്യമന്ദിരത്തിന് മുന്നിലുള്ള ഗാന്ധി പ്രതിമയ്ക്ക് എതിർവശത്ത് 400 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് സ്തൂപം ഒരുക്കിയിട്ടുള്ളത്. തമിഴ്നാട്ടിലെ മൈലാടിയിൽ നിന്നുള്ള കൃഷ്ണശിലയും വെങ്കലവും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ശില്പത്തിന് 3 മീറ്റർ ഉയരമുണ്ട്.

ചടങ്ങിൽ വനം വകുപ്പുമേധാവിയും മുഖ്യവനപാലകനുമായ പി.കെ. കേശവൻ, പി.സി.സി.എഫ്.മാരായ കെ.എ.മുഹമ്മദ് നൗഷാദ്, എ.കെ.ധർണി, ബെന്നിച്ചൻ തോമസ്, അഡീ.പി.സി.സി.എഫ്.മാരായ അമിത് മല്ലിക്ക്, വി.വി.ഷാജിമോൻ, വനം ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ